7

# ദൈവത്തിന്റെ ശ്രദ്ധ ലഭിക്കുന്നതെങ്ങനെ

## (3:40–66)

ദൈവം നിങ്ങളെ ശ്രദ്ധിക്കുന്നില്ല എന്ന് നിങ്ങൾക്ക് എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ? ദൈവത്തിന്റെ ശ്രദ്ധ ലഭിക്കാതവണ്ണം അവൻ വളരെ ദൂരെയാണെന്ന് തോന്നിയിട്ടുണ്ടോ? കാറ്റിനിരയായി മറ്റു മരങ്ങളെല്ലാം പോയി കുന്നിൻമുകളിൽ ഒറ്റ മരം മാത്രം, വെയിലും മഞ്ഞും മഴയും ഏറ്റ് ശേഷിച്ചതുപോലെ, ഏകനായി തീർന്നു തകർത്തുകളയുമെന്ന ഭീഷണിയിലാണ് എന്നു നിങ്ങൾക്ക് തോന്നിയിട്ടുണ്ടോ? വേർ പിഴുതുപോകാതെ എത്ര നാൾ ഇങ്ങനെ നിൽക്കുവാൻ കഴിയുമെന്ന് നിങ്ങൾ അതിശയിച്ചിട്ടുണ്ടാകാം.

എന്താണ് ദൈവം ഒന്നും ചെയ്യാതിരിക്കുന്നത്? നിങ്ങൾ വേദനയിലായിരിക്കുന്നത് അവൻ കാണുന്നില്ലേ? നിങ്ങൾക്ക് സംഭവിക്കുന്നതിൽ അവന് വിചാരമില്ലേ? യെഹൂദ്യക്കുായ വേദനയും തനിക്കുായ വേദനയും കപ്പോൾ യിരെമ്യാവിനു അതേ ചിന്തകളുായി കാണും. അവൻ ചിലപ്പോൾ ബഹുവചനത്തിലും ചിലപ്പോൾ ഏകവചനത്തിലും സംസാരിക്കയുായി. ആ വേദനാനുഭവങ്ങൾ ഒറ്റപ്പെട്ട സംഭവങ്ങളായിരുന്നില്ല. ഒരു ദേശത്തിന്റെ മുഴുവൻ വേദനയും അവൻ തന്റെ വ്യക്തിപരമായ വേദനയായി കു. പ്രത്യേകമായ ആനുകൂല്യമൊന്നും യെഹൂദ്യ അർഹിക്കുന്നില്ല എന്ന് അവന് അറിയാമായിരുന്നു, എന്നാൽ ദൈവം ദയയും മനസലിവുമുള്ളവനാണെന്നും അവന് അറിയാമായിരുന്നു.

ദൈവത്തിന്റെ കരുണ ലഭിക്കേതിന് ആളുകൾ എന്തു ചെയ്യണമെന്നാണ് വിലാപങ്ങളുടെ ഈ ഭാഗത്ത് യിരെമ്യാവ് പറയുന്നത്. യെഹെസ്കേൽ പറഞ്ഞു,

> "നിങ്ങൾ ചെയ്തിരിക്കുന്ന അതിക്രമങ്ങളൊക്കെയും നിങ്ങളിൽനിന്ന് എറിഞ്ഞുകളവിൻ, നിങ്ങൾക്ക് പുതിയോരു ഹൃദയത്തെയും പുതിയോരു ആത്മാവിനേയും സമ്പാദിച്ചുകൊൾവിൻ! യിസ്രായേൽ ഗൃഹമേ നിങ്ങൾ എന്തിന്നു മരിക്കുന്നു? ... മരിക്കുന്നവന്റെ മരണത്തിൽ എനിക്ക് ഇഷ്ടമില്ല" എന്ന് യഹോവയായ കർത്താവിന്റെ അരുളപ്പാട്. ആകയാൽ, "നിങ്ങൾ മനന്തിരിഞ്ഞ് ജീവിച്ചുകൊൾവിൻ" (യെഹെസ്കേൽ 18:31, 32)

നമുക്ക് ദൈവത്തിന്റെ ശ്രദ്ധ വേണമെങ്കിൽ നാം എന്തു ചെയ്യും? നിങ്ങൾ വീട്ടിൽനിന്നകന്ന് ദൈവത്തിന്നു ഹിതമല്ലാത്ത വിധത്തിലാണ് നിങ്ങൾ ജീവിക്കുന്നതെങ്കിൽ, എന്തു ചെയ്യണമെന്ന് യിരെമ്യാവ് വെളിപ്പെടുത്തുന്നു.

### മാനസാന്തരപ്പെടുക

മനോഭാവത്തിലും പ്രവൃത്തിയിലും മാറ്റം ഉാകുന്ന ഹൃദയമാറ്റമാണ് മാന

സാന്തരം. വാസ്തവത്തിലുള്ള മാനസാന്തരം പൂർണ്ണമായ മുഖം-തിരിവാണ്. അത് മൂന്നു-പടികളുള്ള ഒരു നടപടിയായിട്ടാണ് യിരെമ്യാവ് വിവരിച്ചിരിക്കുന്നത്: "നാം നമ്മുടെ നടപ്പ് ആരാഞ്ഞു ശോധന ചെയ്തു യഹോവയുടെ അടുക്കലേക്ക് തിരിയുക. നാം കൈകളേയും ഹൃദയത്തേയും സ്വർഗസ്ഥനായ ദൈവത്തിലേക്ക് ഉയർത്തുക" (3:40, 41).

"നമ്മുടെ നടപ്പ് ആരാഞ്ഞു പരിശോധിക്കുക" ആണ് ആദ്യത്തെ പടി (വാ.40). മാറേ ആവശ്യം തിരിച്ചറിയുമ്പോൾ മാത്രമെ മാറ്റമുാകുന്നുള്ളു. നമ്മുടെ മനോഭാവത്തിലും പ്രവൃത്തികളിലും മാറ്റമുാക്കണമെന്ന തിരിച്ചറിവ് ഒരിക്കലും എളുപ്പമല്ല. ചിന്തയിലും സ്വഭാവത്തിലും നാം തിരുത്തണമെന്ന് പറയുമ്പോൾപോലും നാം പ്രതിരോധത്തിലാകും. അത് യെഹൂദ്യയിലെ ജനങ്ങൾക്ക് ഒരു പ്രശ്നമായിരുന്നു. അവർ തങ്ങളുടെ കുറ്റം സമ്മതിക്കയോ പാപങ്ങളെ തിരിച്ചറിയുകയോ ചെയ്തില്ല. അവർ തങ്ങളുടെ നടപ്പ് പരിശോധിക്കുന്നതിന് പകരം, ദൈവത്തിന്റെ വഴികളെ പരിശോധിച്ച് ദൈവം അനീതിയാണ് പ്രവർത്തിക്കുന്നതെന്ന രീതിയിൽ ദൈവത്തെ വിധിച്ചു. അവർ തങ്ങളുടെ സന്ദേശവാഹകനെയും പരിശോധിച്ച്, അവൻ ശത്രുപക്ഷത്താണെന്ന് പറയുകയും ചെയ്തു. അവരുടെ സ്വന്ത ഹൃദയങ്ങളേയും ജീവിതങ്ങളേയും ആരായുന്നത് അവർക്ക് പ്രയാസമായിരുന്നു.

ദൈവവചനവെളിച്ചത്തിൽ നാം നമ്മുടെ ജീവിതങ്ങളെ ശരിയായി നോക്കണം. ഒരാളുടെ പ്രതിബംബം ശരിയായി കാണുന്ന ഒരു കണ്ണാടിയാണ് വചനം (യാക്കൊബ് 1:21-25). ദൈവം നമ്മെ കാണുന്നതുപോലെ നമുക്ക് നമ്മെ കാണുവാൻ നാം വചനത്തിൽ നോക്കണം. നമുക്കെല്ലാവർക്കും മൂന്നു പ്രതിബിംബങ്ങളാണുള്ളത്: ഒന്ന് നാം നമ്മെ കാണുന്നത്, രാമത്തേത് മറ്റുള്ളവർ നമ്മെ കാണുന്നത്, മൂന്നാമത്തേത് ദൈവം നമ്മെ കാണുന്നത്. നാം നമ്മെ കാണുന്നതുപോലെ ആയിരിക്കയില്ല ദൈവം നമ്മെ കാണുന്നത്. നാം നമ്മെ കാണുന്നതുപോലെ മറ്റുള്ളവർ നമ്മെ കാണണമെന്നില്ല. ദൈവം നമ്മെ കാണുന്നതാണ് നമ്മുടെ യഥാർത്ഥ പ്രതിബിംബം. ദൈവകണ്ണുകളാൽ നമ്മെ കാണുവാൻ ആഴമേറിയ വചനപഠനം ആവശ്യമാണ്.

"ദൈവവചനമായ ആത്മാവിന്റെ വാൾ" ഉപയോഗിച്ച് നമ്മുടെ അന്തരംഗത്തെ പരിശോധിക്കുന്നതാണ് "ആരായൽ" എന്ന വാക്ക് സൂചിപ്പിക്കുന്നത് (എഫെസ്യർ 6:17). നമ്മെ മറ്റുള്ളവരുമായി താരതമ്യം ചെയ്യുമ്പോൾ, നാം തെറ്റായിട്ടാണ് വായിക്കുന്നത്, കാരണം നാം ഉപയോഗിക്കുന്നത് അപൂർണ്ണമായ മാതൃകയാണ്. ദൈവവചനം നമ്മെ പൂർണ്ണതയുള്ള മാതൃകയായ യേശുവുമായിട്ടാണ് താരതമ്യം ചെയ്യുന്നത്: "ക്രിസ്തുയേശുവിന്റെ ഭാവം തന്നെ നിങ്ങളിലും ഉാകട്ടെ" (ഫിലിപ്പിയർ 2:5). നമ്മുടെ കണ്ണുകൾ ക്രിസ്തുവിൽ വെച്ച് നമ്മുടെ ജീവിതങ്ങൾ അവന്റേതുപോലെയാണോ എന്ന് നോക്കുമ്പോൾ, നാം "... കർത്താവിന്റെ തേജസിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ... ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസിന്മേൽ തേജസ് പ്രാപിച്ചു അതേ പ്രതിമയായിത്തീരുന്നു" (2 കൊരിന്ത്യർ 3:18).

മാനസാന്തരത്തിന്റെ രാമത്തെ പടി "കർത്താവിങ്കലേക്ക് തിരിയുന്നതാണ്" (വാ.40). ആളുകളോട് തന്നിലേക്ക് തിരിയുവാൻ യെശയ്യാവ്, യിരെമ്യാവ് തുടങ്ങിയ ആളുകളെ ദൈവം അയച്ച് ആവശ്യപ്പെട്ടുകൊിരുന്നു. യിസ്രായേൽജനം ദൈവത്തിന്റെ മുന്നറിയിപ്പുകളെ അവഗണിച്ചതുകൊ് അവർ തെറ്റായ ദിശയിൽ സഞ്ചരിക്കുകയുായി. അവർ യഹോവയെ ഉപേക്ഷിച്ച് മതഭ്രാന്തരായ

പ്രവാചകന്മാരെ പിൻപറ്റുന്നത് നിഷേധിച്ചു! അവർ തെറ്റിദ്ധരിച്ച വഴിയിൽ നടന്ന് അനന്തരഫലം അനുഭവിച്ചശേഷം മാത്രമാണ് തങ്ങളെ ആരായുവാനും യഹോവയിങ്കലേക്ക് തിരിച്ചുവരുവാനും തുടങ്ങിയത്. കർത്താവിങ്കലേക്ക് മടങ്ങിവരുന്നതാണ് മാനസാന്തരപ്രവൃത്തി.

ചിലപ്പോൾ, എവിടെ വഴിപിരിഞ്ഞുവോ അവിടേക്ക് മടങ്ങിച്ചെല്ലുന്നതാണ് ആത്മിയ പാതയിലേക്കുള്ള തിരിഞ്ഞുനടപ്പ്. നീതിയുടെ വഴിക്കരികിലൂടെ നമ്മെ കൂടുതൽ ആവേശമുണർത്തുന്ന വശീകരണത്തിലൂടെ വഴി തെറ്റിക്കുവാൻ സാത്താൻ എപ്പോഴുമുാകും. നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ എന്താണ് നൽകേതെന്ന് അവന്ന് നന്നായറിയാം. അതാണ് ദൈവം നമ്മിൽനിന്നും ആഗ്രഹിക്കുന്നതെന്ന ധാരണയിൽ, നാം നല്ല വിശ്വാസത്തിൽ തെറ്റായ വഴിയിൽ പലപ്പോഴും നടക്കും. അവസാനം തെറ്റു മനസിലാക്കിയാൽപോലും, തിരിച്ചുവരുവാൻ കഴിയാത്തത്ര ദൂരത്തിൽ നാം എത്തുമെന്നാണ് സാത്താൻ പ്രതീക്ഷിക്കുന്നത്. കർത്താവിങ്കലേക്ക് തിരിച്ചുപോകുക മാത്രമാണ് പരിഹാരം. കൊടുക്കേ വില എന്തായാലും, അത് വഴിതെറ്റിയ അവസ്ഥയിൽ തന്നെ കഴിയുന്നതിന്റെ വിലയേക്കാൾ വലുതാകയില്ല.

മൂന്നാമത്, "നാം നമ്മുടെ ഹൃദയങ്ങളും കൈകളും സ്വർഗസ്ഥനായ ദൈവത്തിലേക്ക് ഉയർത്തുവാനാണ്" മാനസാന്തരം ആവശ്യപ്പെടുന്നത് (വാ.41). വേറൊരു വായനയായിരിക്കും ശരിയായത് എന്നാണ് ആർ കെ.ഹാരിസൺ പറഞ്ഞത്: "നമ്മുടെ കൈകളല്ല, ഹൃദയങ്ങൾ നമുക്ക് ഉയർത്താം." ദൈവജനം ആരാധന ചടങ്ങുകളാക്കിമാറ്റിയിരിക്കുന്നു എന്നതാണ് അവന്റെ പ്രസ്താവനയിൽ അടങ്ങിയിരിക്കുന്നത് - ഒരുപക്ഷെ യഹോവയോടൊപ്പം അവർ അന്യദേവന്മാരേയും പിടിച്ചിരിക്കാം - പക്ഷെ അവരുടെ ഹൃദയം അതിലില്ലായിരുന്നു. അവർ തങ്ങളുടെ വായിൽ ശരിയായ വാക്കുകളുമായി, ശരിയായ ചലനത്തിലുമായിരുന്നു, പക്ഷെ അവരുടെ ഹൃദയങ്ങൾ അവർ ദൈവത്തിലേക്ക് ഉയർത്തിയില്ല. ദൈവജനം തങ്ങളുടെ ഹൃദയങ്ങളേയും കൈകളേയും ഉയർത്തിയിരുന്നത് അന്യദേവന്മാരിലേക്കായിരുന്നു; അവർ സത്യദൈവത്തിലേക്ക് തിരിച്ചുചെന്ന് അവരുടെ ഹൃദയങ്ങളും കൈകളും അവങ്കലേക്ക് ഉയർത്തേ സമയം ആയിരിക്കുന്നു.

അവർ ആരാധിച്ച വിഗ്രഹദേവന്മാരുള്ള ദേശങ്ങളിലേക്ക് ദൈവം അവരെ അയച്ചു, എന്നാൽ ആ ദേവന്മാർക്ക് അവരെ സഹായിപ്പാൻ കഴിഞ്ഞില്ല. അവസാനം അവർ അതു തിരിച്ചറിഞ്ഞു. ഹൃദയങ്ങളും കൈകളും ദൈവത്തിലേക്ക് ഉയർത്തുക എന്നാൽ മനോഭാവവും പ്രവൃത്തിയുമാണ്. ഹൃദയം കൊാണ് നാം വിശ്വസിക്കുന്നത് (റോമർ 10:10), കൈകൾകൊ് നാം ദൈവത്തെ സേവിക്കയും ചെയ്യുന്നു.

### പ്രാർത്ഥിക്കുക

മാതൃക കാണിച്ചുകൊ് യേശു തന്റെ ശിഷ്യന്മാരെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചതുപോലെ (മത്തായി 6:9-13), യിരെമ്യാവ്, മാതൃക കാണിച്ചുകൊ് ജനത്തോട് പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു:

> ഞങ്ങൾ അതിക്രമം ചെയ്തു മൽസരിച്ചു, നീ ക്ഷമിച്ചതുമില്ല; നീ കോപം പുതെച്ചു ഞങ്ങളെ പിന്തുടർന്നു. കരുണ കൂടാതെ കൊന്നുകളഞ്ഞു; ... ഞങ്ങളുടെ പ്രാർത്ഥന കടക്കാതവണ്ണം നീ മേഘം കൊ് നിന്നെത്തന്നെ

> മറെച്ചു, നീ ഞങ്ങളെ ജാതികളുടെയിടയിൽ ചവറും എച്ചിലും ആക്കിയിരിക്കുന്നു. ഞങ്ങളുടെ ശത്രുക്കളൊക്കെയും ഞങ്ങളുടെ നേരെ വായ്പ ിളർന്നിരിക്കുന്നു. പേടിയും കണിയും ശൂന്യവും നാശവും ഞങ്ങൾക്ക് ഭവിച്ചിരിക്കുന്നു (3:42–47).

ഇവിടെ കൊടുത്തിരിക്കുന്ന മാതൃക നിങ്ങൾ എങ്ങനെ പിൻപറ്റും? ആദ്യം, നിങ്ങളുടെ അകൃത്യവും മൽസരവും സമ്മതിക്കുക (വാ.42). ദൈവമുൻപാകെയുള്ള മലിനത സമ്മതിക്കുന്നതാണ് ആത്മീയ നവീകരണത്തിന്റെ തുടക്കം. യെഹൂദ്യാജനത്തിന്റെ മിശ്രവിവാഹത്താൽ മൽസരിക്കുന്നു എന്ന് എസ്രാ അറിഞ്ഞപ്പോൾ, കർത്താവ് ദയാലുവാണെന്ന് സമ്മതിച്ച് അവരുടെ പാപങ്ങൾ ഏറ്റുപറഞ്ഞ് തന്റെ കൈകൾ അവങ്കലേക്ക് ഉയർത്തി പ്രാർത്ഥിച്ചു (എസ്രാ 9:5–15). പിന്നീട്, നെഹെമ്യാവ് ദൈവമാഹാത്മം സമ്മതിച്ച്, ജനങ്ങളുടെ അതിക്രമങ്ങൾ ഏറ്റുപറഞ്ഞു, അതേ രീതിയിലുള്ള പ്രാർത്ഥന, പ്രാർത്ഥിക്കുന്നു് (നെഹെമ്യാവ് 1:5–11). ദൈവം എല്ലാമാണെന്നും നാം ദൈവത്തെ കൂടാതെ ഒന്നുമല്ല എന്നും സമ്മതിക്കുന്നതാണ് ശക്തമായ പ്രാർത്ഥന.

രാമത്, നിങ്ങളുടെ അകൃത്യങ്ങളാണ് നിങ്ങളെ ദൈവത്തിൽനിന്നകറ്റിയത് എന്ന് സമ്മതിക്കണം – ദൈവം നിങ്ങളുടെ പാപം ക്ഷമിച്ചിട്ടില്ല (വാ.42). ആരും ഒഴിഞ്ഞുമാറാത്തവിധം ദൈവത്തിന്റെ കോപം എല്ലാവരേയും പിൻപറ്റും (വാ.43). നിങ്ങളുടെ ആശയവിനിമയം ദൈവത്തിൽ എത്താതിരിക്കത്തക്കവണ്ണം കട്ടിയുള്ള മേഘത്താൽ നിങ്ങളെയും ദൈവത്തെയും തമ്മിൽ വേർതിരിച്ചിരിക്കയാണോ (വാ.44) നിങ്ങൾ വെറും ചവർ എന്ന നിലയിൽ നിങ്ങളുടെ അയൽക്കാരും മുൻപരിചയക്കാരും സംസാരിച്ചിട്ടുോ (വാ.45, 46)? പരിഭ്രാന്തി നമ്മെ കീഴ്പ്പെടുത്തുന്നതും പാപം നമ്മെ നശിപ്പിക്കുന്നതും – എല്ലാം പാപം നിമിത്തമാണ് (വാ.47) – മുൻപെങ്ങും പ്രാർത്ഥിച്ചിട്ടില്ലാത്തവിധത്തിൽ പ്രാർത്ഥിക്കുക എന്നതാണ് പരിഹാരം.

### കരയുക

യിരെമ്യാവ് പ്രാർത്ഥിച്ചപ്പോൾ, അവൻ കരഞ്ഞു. അവൻ പറഞ്ഞു,

> എന്റെ ജനത്തിൻ പുത്രിയുടെ നാശം നിമിത്തം നീർത്തോടുകൾ എന്റെ കണ്ണിൽനിന്നൊഴുകുന്നു. യഹോവ സ്വർഗത്തിൽനിന്നു നോക്കി കടാക്ഷിക്കുവോളം എന്റെ കണ്ണ് ഇടവിടാതെ പൊഴിക്കുന്നു. ഇളെക്കുന്നതുമില്ല. എന്റെ നഗരത്തിലെ സകല സ്ത്രീജനത്തെയും കുറിച്ച് എന്റെ കണ്ണ് എന്റെ പ്രാണനെ വ്യസനിപ്പിക്കുന്നു. കാരണം കൂടാതെ എന്റെ ശത്രുക്കളായവർ എന്നെ ഒരു പക്ഷിയെപോലെ വേട്ടയാടിയിരിക്കുന്നു. അവർ എന്റെ ജീവനെ കുറയിൽ ഇട്ടു നശിപ്പിക്കുന്നു, എന്റെമേൽ കല്ല് എറിഞ്ഞിരിക്കുന്നു; വെള്ളം എന്റെ തലെക്ക് മീതെ കവിഞ്ഞൊഴുകി. “ഞാൻ നശിച്ചുപോയി!” എന്നു ഞാൻ പറഞ്ഞു (3:48–54).

കരഞ്ഞുകൊ് പ്രാർത്ഥിക്കുക (വാ.48–50)! നിങ്ങൾക്ക് വേത് ലഭിക്കുവാൻ കൃത്രിമ കണ്ണുനീർ ഒഴുക്കാതിരിക്കുക. ശവസംസ്ക്കാരത്തിൽ കരയുവാൻ കൂലിക്ക് ആളെ വിളിക്കുന്നത് ദൈവത്തിനിഷ്ടമല്ല, എന്നാൽ പാപത്തെ ഓർത്ത് ഹൃദയത്തിൽ തട്ടി കരഞ്ഞുകൊുള്ള പ്രാർത്ഥനയായിരിക്കണം.

യെഹൂദ്യാദേശത്തിന് പിൻപറ്റുവാനുള്ള മാതൃകയായിരുന്നു വിലപിക്കുന്ന പ്രവാചകനായിരുന്ന യിരെമ്യാവ്. ദൈവജനത്തിന്റെ നാശം കാരണം ആയിരുന്നു അവന്റെ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞത്. യെരുശലേമിന്റെ നാശം പ്രകടിപ്പിക്കത്തക്ക കണ്ണുനീർ അവന്റെ കണ്ണിലില്ലായിരുന്നു. അതു നാശം നിമിത്തമുള്ള വെറും കണ്ണുനീരായിരുന്നില്ല, പിന്നെയോ, അവരുടെ നാശത്തിനിടയാക്കിയ അധാർമ്മികത നിമിത്തമായിരുന്നു.

എന്താണ് നിങ്ങളെ കരയിപ്പിക്കുന്നത്? ജീവിതം കീഴ്മേൽ മറിഞ്ഞിരിക്കുകയാണ്, അല്ലേ? നാം നിസാരമായ കാര്യങ്ങളെ ഓർത്തു കരയുകയും, കരയേ കാര്യം വരുമ്പോൾ ചിരിക്കുകയും ചെയ്യും. നമ്മുടേയും ലോകത്തിന്റേയും പാപമാണ് നമ്മെ കരയിപ്പിക്കുന്നത്. നമ്മുടെ ഹൃദയം നുറുങ്ങിയതും ആത്മതപനം നിമിത്തമുള്ളതുമായ കണ്ണുനീർ ദൈവം സ്വർഗത്തിൽനിന്ന് നോക്കി സൗഖ്യം തരുന്നതുവരെ നിർത്തരുത്.

“നീതി ജാതിയെ ഉയർത്തുന്നു, പാപമോ വംശങ്ങൾക്ക് അപമാനം” (സദൃശവാക്യങ്ങൾ 14:34). തങ്ങൾക്ക് ഇഷ്ടമുള്ള ദേവന്മാരെ തിരഞ്ഞെടുക്കുമെന്നും തങ്ങൾക്കിഷ്ടമുള്ളത് ചെയ്യുമെന്നവിധത്തിൽ ഒരു ദേശത്തെ മുഴുവൻ ജനങ്ങളും ധിക്കരിച്ചാൽ, അവർക്ക് ദൈവത്തിൽനിന്ന് കുഴപ്പങ്ങൾ നേരിടേിവരും. നമുക്ക് ഇഷ്ടമുള്ളത് ചെയ്യാമെന്നല്ല സ്വാതന്ത്ര്യം അർത്ഥമാക്കുന്നത്; ശരിയായ സ്വാതന്ത്ര്യം ശരിയായതു ചെയ്യുവാനുള്ള കഴിവാണ് സൂചിപ്പിക്കുന്നത്. അനിയന്ത്രിതമായ തീരുമാനങ്ങൾ എടുക്കുമ്പോൾ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്, കാരണം മാനുഷിക തീരുമാനങ്ങൾ, സ്വാർത്ഥവും, വ്യക്തിപരമായ നേട്ടങ്ങൾക്ക് ചായ്‌വുള്ളതായിരിക്കും. ദൈവവഴികൾ അന്വേഷിച്ച് അപ്രകാരം നടക്കുന്നതാണ് നീതി. ദൈവത്തോടുകൂടി നടക്കുവാനുള്ള ശ്രമം പാഴായേക്കാം, എന്നാൽ അവന്റെ മുഖം അന്വേഷിക്കുന്ന ദേശത്ത് ദൈവത്തിന്റെ ഉദ്ദേശം അവൻ നിവർത്തിക്കും.

ദൈവഹിതപ്രകാരമുള്ള പശ്ചാത്താപം ആത്മാവിന്റെ വേദന ശമിപ്പിച്ച്, ശുദ്ധീകരിക്കും (വാ.51). കണ്ണിനു കാണുന്നതിനാൽ പശ്ചാത്താപമാകുകയാണെങ്കിൽ, കണ്ണു പശ്ചാത്താപകണ്ണുനീർ പുറപ്പെടുവിക്കയും, അത് ആത്മാവിന് കഴുകലും, ശുദ്ധീകരണവും വരുത്തും. ആത്മാവിന്റെ കഷ്ടം കണ്ണിനും വെളിപ്പെടുത്തുവാനും പ്രതിഫലിപ്പിക്കുവാനും കഴിയും. അനുതാപമില്ലാത്ത മരവിച്ച അവസ്ഥയും അല്ലെങ്കിൽ പശ്ചാത്താപവും മാനസാന്തരവുമുള്ള അവസ്ഥയും കണ്ണ് വെളിപ്പെടുത്തും. പാപഭാരം നിമിത്തവും കുറ്റം നിമിത്തവും നുറുങ്ങിയ മൃദുലമായ ഹൃദയത്തെ, ദൈവത്തിന് സൗഖ്യമാക്കുവാൻ കഴിയും.

പശ്ചാത്താപം നമ്മെ സുബോധത്തിലേക്ക് കൊുവരും. യാഥാർത്ഥ്യത്തെ മറെച്ചുവെക്കുവാൻ പാപത്തിനു കഴിയും; അതിന് നമ്മെ യഥാർത്ഥ ലോകത്തിൽനിന്നും മനോരാജ്യത്തിലേക്ക് കൊുപോകുവാൻ കഴിയും. പാപത്താൽ മറെക്കപ്പെട്ട ഒരു ആത്മാവിന്റെ അവസ്ഥ, യിരെമ്യാവ് ആ വാക്യങ്ങളിൽ വെളിപ്പെടുത്തുന്നു്.

വാക്യം 52-ൽ, തന്റെ ശത്രുക്കൾ തന്നെ പകക്കുവാൻ ഒരു കാരണവും കൂടാതെ ഒരു പക്ഷിയെപോലെ വേട്ടയാടുന്നതായി അവൻ പറയുന്നു. അവൻ തീർച്ചയായും തന്റെ സാഹചര്യത്തെ കുറിച്ചാണ് പറയുന്നത്. യെഹൂദ്യക്കും യെരുശലേമിന്നും സംഭവിച്ചതിന്റെ ഉത്തരവാദിത്വം യിരെമ്യാവിനായിരുന്നില്ല. അവൻ അവരോട് സത്യമാണ് സംസാരിച്ചത്. അവൻ അവരുടെ ജീവിതങ്ങളെ രക്ഷിക്കുവാനാണ് ആഗ്രഹിച്ചത്, എന്നാൽ അവർ അവന്റെ സന്ദേശം

കേൾക്കുന്നതിന് പകരം അവനെത്തന്നെ ഒഴിവാക്കുവാനാണ് ശ്രമിച്ചത്. അവർ എങ്ങനെ അവനോട് പെരുമാറി എന്നും അതിന് അവൻ തിരിച്ച് - ദൈവത്തെ വിളിച്ചുകൊ്, അതിനെ എങ്ങനെ കൈകാര്യം ചെയ്തു എന്നും അവരെ ഓർപ്പിച്ചു. ദേശം സുബോധത്തിലേക്ക് വന്നാൽ, അവരുടെ തെറ്റ് തിരിച്ചറിഞ്ഞ് ദൈവത്തിലേക്ക് മടങ്ങിവന്നാൽ, ആളുകൾ പശ്ചാത്താപത്താൽ സങ്കേതം കെ ത്തും. യിരെമ്യാവിനോട് ദേശം അന്യായമാണ് ചെയ്തത്, എന്നാൽ ദൈവം യെഹൂദ്യയെ നശിക്കുമാറാക്കി.

ശൂന്യമായ കുഴിയിലെ പ്രവാചകന്റെ അനുഭവം (യിരെമ്യാവ് 38:6-13) ആയിരിക്കാം വാക്യങ്ങൾ 53 ലും 54 ലും സാദൃശ്യങ്ങൾ ഉപയോഗിക്കുവാനി ടയാക്കിയത്, എന്നാൽ ഒരു ദേശത്തിന്റെ മുഴുവൻ ദുഃഖത്തിൻ വ്യാപ്തിയെ യാണ് ഈ ഭാഗത്ത് ആലങ്കാരികമായി വിവരിക്കുന്നത്. കല്ലിനാൽ മൂടപ്പെട്ട ഒരു ശവക്കുഴിപോലെയാണ് മരിക്കാറായ യെഹൂദ്യ എന്നാണ് ഭാവനയിൽ വരച്ചുകാണിച്ചിരിക്കുന്നത്. തലെക്കൽ കല്ല് നിർത്തിയിരിക്കുന്ന കല്ലറകളുള്ള ശവക്കോട്ടയെയോ അല്ലെങ്കിൽ തലക്ക് മീതെ വെള്ളം വന്ന് മുങ്ങുവാൻ പേ ാകുന്നതോ ആയ ജീവിതത്തിൽ നിന്നു ഛേദിക്കപ്പെട്ടതായ അവസ്ഥയെ സങ്കൽപിക്കുക. പാപത്തിന്റെ അനന്തരഫലങ്ങളെ ശരിയായി വിവരിക്കുന്ന വാക്കുകളാണ് യിരെമ്യാവിന്റേത്. തിരുവെഴുത്തിലെ മറ്റുഭാഗങ്ങളിൽ, പാപ ത്തിന്റെ അനന്തരഫലത്തെ “മരണം” എന്നും (റോമർ 6:23), ദൈവത്തിൽനി ന്നുമുള്ള “വേർപാട്” എന്നും പറഞ്ഞിട്ടു് (യെശയ്യാവ് 59:2). നാശത്തിൽ ജീവിച്ചിരിക്കുന്നവരോട് ആത്മാർത്ഥമായ പശ്ചാത്താപം കാണിപ്പാനാണ് അപേക്ഷിച്ചത്. അവർ ദൈവവുമായുള്ള ബന്ധത്തിൽ എവിടെ നിൽക്കുന്നു എന്ന് കാണുവാൻ അവരെ അവൻ സഹായിച്ചു.

തന്റെ പണമെല്ലാം തീരുന്നതുവരെ, ഒരു മകൻ തന്റെ അപ്പന്റെ സ്വത്തി ലുള്ള ഓഹരി വാങ്ങി ദൂരദേശത്തേക്ക് പോയി പാപത്തിന്റെ സുഖഭോഗത്തിൽ ജീവിച്ച സംഭവം, ലൂക്കൊസ് 15:11-24 ൽ യേശു പറയുന്നു്. പാപത്തിന്റെ ചെളി ക്കുഴിൽ താഴ്ന്ന്, പന്നികളെ മേയ്ച്ച് ആഹാരം കഴിക്കുവാൻ പോലും കിട്ടാതെ വന്നപ്പോഴാണ് അവന് സുബോധമുായത്. അതിനുശേഷമാണ് അവന് താൻ ചെയ്തതിനെ കുറിച്ച് ബോധം വന്നതും തിരിച്ചുവീട്ടിലേക്ക് പോകുവാൻ തീരു മാനിച്ചതും. താൻ പാപം ചെയ്തുവെന്ന് അവൻ സമ്മതിക്കുവാൻ തയ്യാറായി, ഇനി ആ അപ്പന്റെ മകൻ എന്നതിന് യോഗ്യതയില്ലാതായിരിക്കുന്നു എന്നും അപ്പന്റെ കൂലിക്കാരിൽ ഒരാൾ മാത്രമായാൽ മതി എന്നും അവൻ തീരുമാ നിച്ചുറപ്പിക്കുന്നു. അവൻ ചെല്ലുന്നത് അവന്റെ അപ്പൻ ദൂരെനിന്നു കപ്പോൾ, അപ്പൻ അവന്റെ അടുക്കലേക്ക് ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ചു ചുംബിച്ചു, അവനെ നല്ല വസ്ത്രം അണിയിക്കുകയും, അവന്റെ കൈക്ക് മോതിരം ഇടു കയും ചെയ്തു. നഷ്ടപ്പെട്ടവനായിരുന്ന തന്റെ മകൻ തിരിച്ചുവന്ന സന്തോഷം ആ അപ്പൻ എല്ലാവരേയും അറിയിച്ചു. ആഘോഷത്തിനായി അവൻ ഒരു വിരുന്നുമൊരുക്കി. അവിടെ പറയുന്ന അപ്പൻ ദൈവത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. നഷ്ടപ്പെട്ട പുത്രന്മാരും പുത്രിമാരും ദൈവത്തിന്റെ ഭവനത്തി ലേക്ക് തിരിച്ചുവരുമ്പോൾ അവൻ അവരുടെ പാപങ്ങൾ ക്ഷമിക്കും.

**ദൈവകരുണയിൽ നിങ്ങളെ ഏല്പ്പിക്കുക**

അടുത്തത്, യിരെമ്യാവ് ദൈവകരുണക്കായി അപേക്ഷിക്കുന്നു:

യഹോവേ, ഞാൻ ആഴമുള്ള കുറയിൽനിന്ന് നിന്റെ നാമത്തെ വിളിച്ചപേക്ഷിച്ചിരിക്കുന്നു, "എന്റെ നെടുവീർപ്പിന്നും എന്റെ നിലവിളിക്കും ചെവി പൊത്തിക്കളയരുതേ" എന്നുള്ള എന്റെ പ്രാർത്ഥന നീ കേട്ടിരിക്കുന്നു; ഞാൻ നിന്നെ വിളിച്ചപേക്ഷിച്ച നാളിൽ നീ അടുത്തുവന്നു, "ഭയപ്പെടേ!" എന്നു പറഞ്ഞു. കർത്താവേ, നീ എന്റെ വ്യവഹാരം നടത്തി എന്റെ ജീവനെ വീടെടുത്തിരിക്കുന്നു. യഹോവേ, ഞാൻ അനുഭവിച്ച അന്യായം നീ കിരിക്കുന്നു. എന്റെ വ്യവഹാരം തീർത്തു തരേണമേ. അവർ ചെയ്ത സകല പ്രതികാരവും എനിക്ക് വിരോധമായുള്ള അവരുടെ സകലനിരൂപണങ്ങളും നീ കിരിക്കുന്നു. യഹോവേ, അവരുടെ നിന്ദയും എനിക്ക് വിരോധമായുള്ള അവരുടെ സകല നിരൂപണങ്ങളും എന്റെ എതിരികളുടെ വാക്കുകളും ഇടവിടാതെ എനിക്ക് വിരോധമായുള്ള നിന്ദയും നീ കേട്ടിരിക്കുന്നു. അവരുടെ ഇരിപ്പും എഴുന്നേൽപും നോക്കേണമേ. ഞാൻ അവരുടെ പാട്ടായിരിക്കുന്നു. യഹോവേ, അവരുടെ പ്രവൃത്തിക്കു തക്കവണ്ണം അവർക്ക് പകരം ചെയ്യേണമേ. നീ അവർക്ക് ഹൃദയകാഠിന്യം വരുത്തും, നിന്റെ ശാപം അവർക്ക് വരട്ടെ. നീ അവരെ കോപത്തോടെ പിന്തുടർന്നു യഹോവയുടെ ആകാശത്തിൻകീഴിൽനിന്ന് നശിപ്പിച്ചുകളയും! (3:55–66).

നിങ്ങൾ എത്ര താഴ്ന്നവനായാലും, ദൈവത്തിന് നിങ്ങളുടെ പ്രാർത്ഥന കേൾക്കുവാൻ കഴിയും (വാ.55, 56). അതാണ് നല്ല വാർത്ത. ചിലപ്പോൾ നാം നല്ല വാർത്ത കേൾക്കുന്നതിന് മുൻപ് മോശമായ വാർത്ത കേൾക്കേിവരും. മോശമായ വാർത്ത എന്തെന്നാൽ, പാപം നമ്മെ നിരാശയുടെ പടുകുഴിയിലേക്ക്, അഴുക്ക്ചാലിന്റെ അടിയിലേക്ക് തള്ളിയിടും. അവിടെനിന്നും, പശ്ചാത്തപിച്ച ഒരാളുടെ നിലവിളി ദൈവം കേൾക്കും. സമുദ്രത്തിന്റെ ആഴത്തിൽവെച്ച് മൽസ്യത്തിനുള്ളിൽ കിടന്നുള്ള യോനയുടെ നിലവിളി ദൈവം കേട്ടു (യോനാ 2:2). പുരാതന കീർത്തനങ്ങളിലൊന്നിൽ, യിസ്രായേൽ ദൈവം കേൾക്കേിന്ന് വിളിച്ചപേക്ഷിക്കുന്നു്: "യഹോവേ ആഴത്തിൽനിന്നു ഞാൻ നിന്നോട് നിലവിളിക്കുന്നു" (സങ്കീർത്തനങ്ങൾ 130:1). തന്റെ മക്കളുടെ നിലവിളി ദൈവം കേൾക്കും! സഹായത്തിനായുള്ള അവരുടെ പ്രാർത്ഥനക്ക് അവൻ ചെവി കൊടുക്കാതിരിക്കയില്ല. അതാണ് സുവാർത്ത!

ദൈവം അടുത്തുവരികയും നിങ്ങളുടെ ഭയം ദൂരീകരിക്കയും ചെയ്യും (വാ.57). അഗാധമായ കുഴിയിലാകുകയും അതിനുമുകളിൽ ഒരു കല്ല്കൊു മൂടുകയും ചെയ്യുന്നതിനേക്കാൾ ഭയപ്പെടുത്തുന്നതു മറ്റെന്താണ്? ഒരു സാഹചര്യം വളരെ മോശമാണ്: ധാർമ്മികവും ആത്മികവുമായ അഴിമതിയുടെ അഗാധ കൂപത്തിലാകുകയും മുകളിൽ സ്വന്തപാപങ്ങളുടെ കൂമ്പാരവുമായിരിക്കുന്നത്. ദൈവം കേട്ട് നമ്മെ സഹായിക്കാതിരിക്കത്തക്കവണ്ണം പാപത്തിന്റെ കുഴിയോ അല്ലെങ്കിൽ കുന്നോ അത്ര വലുതായിരിക്കയില്ല. എവിടെ പാപം പെരുകിയിരിക്കുന്നുവോ അവിടെ കൃപ ധാരാളമായി പ്രവർത്തിക്കും, കാരണം ദൈവം സ്നേഹവും ശക്തിയുമുള്ളവനാണ് (റോമർ 5:20). കൊടുങ്കാറ്റടിക്കുന്ന നമ്മുടെ ജീവിതത്തിലേക്കും യേശു കടന്നുവന്ന്, പറയും, "ധൈര്യപ്പെടുവിൻ; ഇതു ഞാൻ തന്നെ, ഭയപ്പെടേ" (മർക്കൊസ് 6:50).

നിങ്ങൾ കുറ്റക്കാരനാണെന്നറിഞ്ഞ്, ക്രിസ്തു ഒരു കാര്യസ്ഥനായി വന്ന് നിങ്ങളെ വീടെടുക്കും (വാ.58). ഒരു കോടതിമുറി മനസിൽ സങ്കൽപിക്കുക:

നിങ്ങൾ കുറ്റക്കാരനാണ്, നിങ്ങൾക്ക് അത് അറിയാം; നിങ്ങൾക്ക് ചെയ്യാവുന്നത്, കുറ്റം ഏറ്റുപറഞ്ഞു കോടതിയുടെ ദയ യാചിക്കുക മാത്രമാണ് - നിങ്ങളെ പ്രതിരോധിക്കുന്ന ആൾ എല്ലാ കുറ്റത്തിനും പിഴ ഒടുക്കിയാൽ മാത്രമെ അതു സംഭവിക്കുകയുള്ളു. ഒരേ ഒരു പ്രതിരോധകൻ മാത്രമെ അതു ചെയ്തിട്ടുള്ളു:

> എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഞാൻ ഇത് നിങ്ങൾക്ക് എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ അടുക്കൽ ഉ്; അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമാകുന്നു. നമ്മുടേതിന്നു മാത്രമല്ല, സർവ്വലോകത്തിന്റെ പാപത്തിന്നും തന്നെ (1 യോഹന്നാൻ 2:1, 2).

നിങ്ങളുടെ പാപത്തിന്റെ ശമ്പളം കൊടുത്തുകൊ് ക്രിസ്തു നിങ്ങളെ അവങ്കലേക്ക് വീടെടുത്തിരിക്കകൊ്, അവന് ഇപ്പോൾ നിങ്ങളുടെ കാര്യസ്ഥനായി നിങ്ങൾക്ക് വേി വ്യവഹാരം ചെയ്യുവാൻ കഴിയും. പിന്നെ നിങ്ങൾ നിങ്ങൾക്കുള്ളവരല്ല, "നിങ്ങളെ വിലയ്ക്ക് വാങ്ങിരിക്കയാണ് ..." (1 കൊരിന്ത്യർ 6:19, 20).

നിങ്ങളുടെ ശത്രുക്കളുടെ മുൻപിൽ അവൻ നിങ്ങളെ നീതീകരിക്കും (വാ.59–66). യെഹൂദ്യയെ പ്രവാസികളാക്കുവാൻ ബാബേലിനെ ദേവം അനുവദിച്ചത് എന്തുകൊാണെന്ന് യിരെമ്യാവിന് അറിയാമായിരുന്നു. തന്റെ ജനത്തെ അവൻ ഒരു ദിവസം നീതീകരിക്കുമെന്നും അവന് അറിയാമായിരുന്നു. ദൈവം അത് ചെയ്യുന്നതിന് ഇനി എത്ര നാളെടുക്കുമെന്നും അവൻ അറിഞ്ഞിരുന്നു. അവൻ യിരെമ്യാവ് 25:11, 12–ൽ എഴുതി:

> "ഈ ദേശമൊക്കെയും ശൂന്യവും സ്തംഭനഹേതുവും ആകും, ഈ ജാതികൾ ബാബേൽ രാജാവിനെ എഴുപതു സംവൽസരം സേവിക്കും" എന്ന് യഹോവയുടെ അരുളപ്പാട്.
>
> "എഴുപതു സംവൽസരം തികയുമ്പോൾ ഞാൻ ബാബേൽ രാജാവിനേയും ആ ജാതിയേയും കൽദയരുടെ ദേശത്തേയും അവരുടെ അകൃത്യം നിമിത്തം സന്ദർശിച്ചു അതിനെ ശാശ്വതശൂന്യമാക്കിത്തീർക്കും" എന്ന് യഹോവയുടെ അരുളപ്പാട്.

കൃത്യം എഴുപതു വർഷത്തിന് ശേഷം, ബാബേലിനെ പാർസി സാമ്രാജ്യം മറിച്ചിട്ടു. പാർസി രാജാവായിരുന്ന കോരശ് യെഹൂദ്യജനം അവരുടെ സ്വദേശത്തേക്ക് മടങ്ങിപ്പോയി അവരുടെ ദേശം വീും പണിയുവാനും ദൈവത്തെ ആരാധിക്കുന്നത് പുനസ്ഥാപിക്കുവാനും അനുവദിക്കുന്നതായി ഒരു കൽപന പുറപ്പെടുവിച്ചു. അത് ചെയ്തത് "യിരെമ്യാവിന്റെ വായിൽനിന്ന് പുറപ്പെട്ട യഹോവയുടെ വചനം നിറവേറ്റേിന്" ആയിരുന്നു എന്ന് എസ്രാ 1:1 പറയുന്നു.

യെഹൂദ്യക്ക് ശത്രുക്കളാൽ എതിർപ്പുാകുമെന്ന്, മുന്നറിവിനാൽ യിരെമ്യാവ് അരുളിച്ചെയ്തിരുന്നു. അവരുടെ കയ്യേറ്റവും, പദ്ധതികളും, മുറുമുറുപ്പും, പരിഹാസ്യഗീതങ്ങളും ദൈവം കാണുകയും കേൾക്കുകയും ചെയ്തിരുന്നു. ശത്രുക്കൾ വീഥികളിൽ പാടിയ പാട്ടിലെ വിഷയം യിരെമ്യാവും യെഹൂദ്യയുമായിരുന്നു. ദൈവം തന്റെ നീതി സ്വഭാവമനുസരിച്ച് അവരുടെ പ്രവർത്തിക്ക്

തക്ക പ്രതികാരം ചെയ്യും എന്ന് യിരെമ്യാവിന് അറിയാമായിരുന്നു. ദൈവം എന്തു ചെയ്യുമെന്ന് അവന് അറിയാമായിരുന്നത് ചെയ്യുവാൻ കഴിഞ്ഞ ര് വാക്യങ്ങളിൽ അവൻ ദൈവത്തോട് ആവശ്യപ്പെടുന്നു്. ദൈവം ശരിയായ സമയത്ത് ബാബേലിനെ കൈകാര്യം ചെയ്യുമെന്ന് ദൈവജനം അറിയണമെന്ന് അവൻ ആഗ്രഹിച്ചു.

നമ്മോട് തെറ്റു ചെയ്തവരോട് നാം മോശമായി പെരുമാററരുത് എന്ന് നമ്മോട് പറഞ്ഞിട്ടു്. നമ്മോട് തെറ്റുചെയ്തവരോട് - അവർ ചെയ്തതുപേ ാലെയോ അല്ലെങ്കിൽ അതിൽ കൂടുതലോ ചെയ്യുവാനുള്ള പ്രവണത മാനു ഷികമാണ് - അത് സ്പർദ്ധ വർദ്ധിപ്പിക്കും. നമ്മോട് ചെയ്ത അന്യായം നാം ദൈവത്തിൽ ഏൽപിക്കുമെങ്കിൽ, നമുക്ക് ചെയ്യുവാൻ കഴിയുന്നതിനേക്കാളധി കമായി അവന് ചെയ്യുവാൻ കഴിയും, ചെയ്യുകയും ചെയ്യും. നാം ചെയ്യണ മെന്ന് ആഗ്രഹിക്കുന്ന സമയത്തായിരിക്കയില്ല, അവൻ അത് ന്യായത്തോടും നീതിയോടും കൂടെ ചെയ്യും. അതുകൊാണ് പൗലൊസ് ആവർത്തനപുസ്തകം 32:35 ഉദ്ധരിച്ച് റോമാക്കാരെ പഠിപ്പിച്ചത്, "പ്രിയമുള്ളവരേ, നിങ്ങൾ തന്നെ പ്ര തികാരം ചെയ്യാതെ ദൈവകോപത്തിന്ന് ഇടം കൊടുപ്പിൻ; പ്രതികാരം എനി ക്കുള്ളത്, ഞാൻ പരം ചെയ്യും" (റോമർ 12:19).

---

**സന്ദേശം എന്താണ്?**

ദൈവത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റുവാൻ നമുക്ക് ഒരു വഴിയു്: നാം ദൈവത്തെ ശ്രദ്ധിക്കുമ്പോൾ ദൈവം നമ്മെ ശ്രദ്ധിക്കും. ദൈവാലയ പ്രതിഷ്ഠ ക്കുശേഷം ദൈവം ശലോമോന് പ്രത്യക്ഷനായപ്പോൾ, അവന്റെ പ്രാർത്ഥനക ളെല്ലാം അവൻ കേട്ടു എന്ന് ഉറപ്പു നൽകി. ഓരോ സമയത്തും ദൈവത്തിന്റെ ശ്രദ്ധ ലഭിക്കുന്നതെങ്ങനെയെന്ന് അവന്ന് ദൈവം കൊടുത്ത നിർദ്ദേശങ്ങളിൽ പറഞ്ഞിരുന്നു. ദൈവം പറഞ്ഞു, "എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ചു എന്റെ മുഖം അന്വേഷിച്ച് തങ്ങ ളുടെ ദുർമ്മാർഗങ്ങളെ വിട്ടുതിരിയുമെങ്കിൽ, ഞാൻ സ്വർഗത്തിൽനിന്ന് കേട്ട് അവരുടെ പാപം ക്ഷമിച്ച്, അവരുടെ ദേശത്തിന്ന് സൗഖ്യം വരുത്തിക്കൊടു ക്കും" (2 ദിനവൃത്താന്തം 7:14).

---

കുറിപ്പ്

[1]ആർ. കെ. ഹാരിസൺ, *ജെരെമ്യാ ആന്റ് ലെമെന്റേഷൻസ്,* ദ ടിന്റെയിൽ ഓൾഡ് ടെസ്റ്റമെന്റ് കമെന്ററീസ്, ജെന. എഡി. ഡി. ജെ. വൈസ്മാൻ (ഡൗണേഴ്സ് ഗ്രോവ്, കകക.: ഇന്റർ-വാഴ്സിറ്റി പ്രസ്, 1975), 228.